ഭരണഭാഷ-മാതൃഭാഷ

ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 30/09/2014

## സർക്കുലർ നം.46

വിഷയം:- ജയിലുകൾ - ജയിൽ ചട്ടം പരിഷ്ക്കരിച്ചതിനെ തുടർന്ന് മത്സ്യം വാങ്ങുന്ന നടപടി ക്രമങ്ങൾ - സംബന്ധിച്ച്.

ജയിലാസ്ഥാനകാര്യാലയത്തിൽ മത്സ്യം വാങ്ങുന്നതിന് മത്സ്യഫെഡിനെയാണ് കൂടുതലായും ആശ്രയിച്ചു വരുന്നത്. ഇത്തരം നടപടിക്രമങ്ങളിൽ അധിക ചെലവു വരുന്നതായി ചില ജയിൽ സൂപ്രണ്ടുമാർ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. ആയതിന് പരിഹാരമായി മത്സ്യഫെഡ് അല്ലാതെയും മറ്റു സംവിധാനങ്ങൾ ആലോചിക്കുന്നത് ഉചിതമായിരിക്കും. ഈ സാഹചര്യത്തിൽ മത്സ്യം വാങ്ങുന്നതിന് മത്സ്യഫെഡ് കൂടാതെ മറ്റു സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ജയിലുദ്യോഗസ്ഥരുടെ സൊസൈറ്റി എന്നിവിടങ്ങളിൽ നിന്നും മത്സ്യം വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

ഇത്തരത്തിൽ മത്സ്യം വാങ്ങുമ്പോൾ ഗുണനിലവാരമുള്ള മത്സ്യം ഉറപ്പാക്കേണ്ടതും, അതാതു സ്ഥാപനങ്ങളിലെ വിലനിലവാരം താരതമ്യം നടത്തി ആയതിൽ കുറഞ്ഞ നിരക്കിൽ മത്സ്യം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത നടപടികൾക്ക് ആസ്ഥാനകാര്യാലയത്തിൽ നിന്നും മുൻകൂട്ടി അനുമതി വാങ്ങേണ്ടതും ഉണ്ട്.

പ്രസ്തുത നടപടിക്രമങ്ങളിൽ മത്സ്യം വാങ്ങാനുദ്ദേശിക്കുന്ന മാസങ്ങളിലെ വിലനിരക്ക് മുൻകൂട്ടി ലഭ്യമാക്കേണ്ടതും ആയതിൻമേലുള്ള അനുമതി മുൻകൂറായി തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ആണ്.

സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

പകർപ്പ്: ഡി.ഐ.ജി. (S/Z, N/Z, C/Z, HQ)/
PA to DGP/Accounts Officer/OC

TN